# രേഷ്മയും ഷാനിലയും മലകയറാൻ വീണ്ടുമെത്തി പൊലീസ് തിരിച്ചയച്ചു

▶ അട്ടൂർ പ്രദീപ്കുമാർ

ശബരിമല: അന്യസംസ്ഥാന ഭക്തരുടെ പ്രതിഷേധത്തെ തുടർന്ന് പിന്തിരിഞ്ഞ കണ്ണൂർ സ്വദേശികളായ രേഷ്മ നിശാന്തും ഷാനില സജേഷും ഇന്ന് വെളുപ്പിന് വീണ്ടും മല കയറാനെത്തി. എന്നാൽ സംഘർഷമുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകി നിലയ്ക്കലിൽ വച്ച് പൊലീസ് ഇവരെ പിന്തിരിപ്പിച്ച് മടക്കിയയച്ചു.

പുലർച്ചെ 5.15 ഓടെയാണ് യുവതികൾ ഉൾപ്പെട്ട ആറംഗ സംഘം രണ്ട് കാറുകളിലായി നിലയ്ക്കലിൽ എത്തിയത്. സുരക്ഷയുടെ ഭാഗമായുള്ള വാഹനപരിശോധനയ്ക്കിടെയാണ് യുവതികൾ അടങ്ങിയ സംഘമാണെന്ന് മനസിലാക്കിയത്. ഇതോടെ ഇവരെ നിലയ്ക്കൽ പൊലീസ് കൺട്രോൾ റൂമിലേക്ക് മാറ്റി. പമ്പ മുതൽ സന്നിധാനം വരെ നൂറ് കണക്കിന് ശബരിമല കർമ്മസമിതി പ്രവർത്തകരും തീർത്ഥാടകസംഘവും തടയാൻ തമ്പടിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചെങ്കിലും പൊലീസ് സംരക്ഷണം വേണമെന്ന് ഇവർ ശഠിച്ചു.

നിലവിലെ സാഹചര്യത്തിൽ സന്നിധാനത്തേക്ക് കൊണ്ടുപോയാൽ കടുത്ത ചെറുത്തുനിൽപ്പ് വേണ്ടിവരുമെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ അത് അസാദ്ധ്യമാണെന്നും പൊലീസ് ഇവരെ ധരിപ്പിച്ചു.

സന്നിധാനത്തേക്ക് പൊലീസ് സുരക്ഷയിൽ കൊണ്ടുപോയാൽ ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്ന് വിവരം ലഭിച്ചതും ഇവരെ പിന്തിരിപ്പിക്കാൻ പൊലീസിനെ പ്രേരിപ്പിച്ചു. തുടർന്ന് നിലയ്ക്കൽ പൊലീസ് സ്പെഷ്യൽ ഓഫീസർ ജമാലുദീൻ ഇവരുമായി ചർച്ച നടത്തി. പമ്പയിലെയും സന്നിധാനം വരെയുള്ള പാതയിലെയും സാഹചര്യങ്ങൾ വിവരിച്ചു. എന്നാൽ ദർശനം നടത്തിയേ മടങ്ങൂ എന്ന നിലപാടിൽ യുവതികൾ ഉറച്ചുനിന്നു. ഇതോടെ വേണമെങ്കിൽ പമ്പവരെ കൊണ്ടുപോകാമെന്ന് പൊലീസ് അറിയിച്ചു.

തീർത്ഥാടകർ തടഞ്ഞാൽ മുന്നോട്ട് പോവുക ബുദ്ധിമുട്ടാണെന്നും അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ തടയുന്നിടത്തുനിന്ന് തിരിച്ച് പോരണമെന്നും വ്യക്തമാക്കി. ഇത് ഇവർ അംഗീകരിച്ചില്ല. തുടർന്ന് ഡി.ജി.പിയെ ഫോണിൽ ബന്ധപ്പെട്ട ശേഷം യുവതികളെ തിരിച്ചയയ്ക്കാൻ തീരുമാനിക്കുകയായിരുന്നു.

ഇവരെ പിന്നീട് പൊലീസ് വാഹനത്തിൽ സുരക്ഷിതമായി എരുമേലിയിൽ എത്തിക്കുകയും ചെയ്തു. 'നവോത്ഥാന കേരളം ശബരിമലയിലേക്ക്' എന്ന ഫേസ് ബുക്ക് കൂട്ടായ്മയുടെ അഡ്മിൻ ശ്രേയാംസ് കണാരന്റെ നേതൃത്വത്തിലുള്ള നാലംഗ സംഘവും ഇവർക്കൊപ്പമുണ്ടായിരുന്നു.

കഴിഞ്ഞ ബുധനാഴ്ച ദർശനത്തിനെത്തി മലകയറ്റം ആരംഭിച്ച ഇവരെ നീലിമലയ്ക്ക് സമീപം പ്രതിഷേധക്കാർ തടയുകയായിരുന്നു. അന്യസംസ്ഥാന ഭക്തരാണ് ഇവരെ തടഞ്ഞത്. തുടർന്ന് പൊലീസ് ഇടപെട്ട് മടക്കി അയയ്ക്കുകയായിരുന്നു. അന്നിവർ ദർശനത്തിന് വീണ്ടുമെത്തുമെന്ന് അറിയിച്ചിരുന്നു. 41 ദിവസം വ്രതവുമായി ശബരിമല കയറുമെന്ന് ഫേസ് ബുക്കിലൂടെ അറിയിച്ച രേഷ്മയ്ക്കെതിരെ അന്നേ ഭീഷണി ഉയർന്നിരുന്നു. തുടർന്ന് രേഷ്മയുടെ വീട്ടുപരിസരത്ത് പൊലീസ് ഏർപ്പെടുത്തിയ സുരക്ഷ തുടരുകയാണ്. യുവതികൾ എത്തിയ പശ്ചാത്തലത്തിൽ നിലയ്ക്കൽ, പമ്പ, കാനനപാത, സന്നിധാനം എന്നിവിടങ്ങളിൽ പൊലീസ് സുരക്ഷ ശക്തമാക്കിയിരിക്കുകയാണ്.

### വന്നു, മടങ്ങി

- പുലർച്ചെ നിലയ്ക്കലിൽ എത്തിയ സംഘത്തെ പൊലീസ് തടയുന്നു
- പിന്നീട് കൺട്രോൾ റൂമിലേക്ക് കൊണ്ടുപോയി
- വ്രതമെടുത്താണ് എത്തിയത് പിൻമാറില്ലെന്ന് യുവതികൾ
- പൊലീസ് യുവതികളുമായി ചർച്ച നടത്തുന്നു
- പിന്തിരിയാൻ തയ്യാറാകാതെ യുവതികൾ
- സ്പെഷ്യൽ ഓഫീസർ ഡി.ജി.പിയുമായി ബന്ധപ്പെടുന്നു
- ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്ന് വിലയിരുത്തൽ
- യുവതികളെ പൊലീസ് എരുമേലിയിലേക്ക് തിരിച്ചയച്ചു

### 'പൊലീസ് പിന്നോട്ട് പോയി'

തങ്ങൾക്ക് മതിയായ സുരക്ഷ ഒരുക്കാമെന്ന് പൊലീസ് നൽകിയ ഉറപ്പിനെ തുടർന്നാണ് തങ്ങൾ എത്തിയതെന്നും എന്നാൽ പൊലീസ് ഉറപ്പിൽ നിന്ന് പിന്നോട്ട് പോവുകയായിരുന്നുവെന്നും ശ്രേയാംസ് കണാരൻ കേരളകൗമുദി ഫ്ളാഷിനോട് പറഞ്ഞു. താത്കാലികമായാണ് പിൻമാറ്റം. നിരവധി യുവതികൾ ശബരിമല ദർശനത്തിന് തയ്യാറെടുത്ത് നിൽക്കുകയാണ്. ഇത് സാദ്ധ്യമാക്കാനുള്ള ശ്രമം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, പുറത്തുനിന്നുള്ള ഇടപെടലിന്റെ പേരിൽ യുവതികൾക്ക് സുരക്ഷയൊരുക്കേണ്ടതില്ലെന്ന ശബരിമലയിലുള്ള പൊലീസ് ഉദ്യോഗസ്ഥരുടെ നിലപാടാണ് സുരക്ഷയൊരുക്കുന്നതിൽ നിന്ന് പിൻമാറാൻ ഇടയാക്കിയത്.

# മുനമ്പത്ത് നിന്ന് കടന്നത് 200 പേർ

## ■ ഡൽഹിയിൽ പിടിയിലായവരെ കൊച്ചിയിൽ എത്തിക്കും

കൊച്ചി: മുനമ്പം മനുഷ്യക്കടത്ത് കേസ് നിർണായക വഴിത്തിരിവിൽ. ആസ്ട്രേലിയയിലേക്കും ന്യൂസിലാന്റിലേക്കും യാത്ര തിരിക്കാനാവാതെ മടങ്ങിയ രണ്ട് പേരിൽ നിന്നും മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട സുപ്രധാന വിവരങ്ങൾ പൊലീസിന് ലഭിച്ചതോടെയാണ് അന്വേഷണത്തിന്റെ ഗതി മാറിയത്.

മുനമ്പത്ത് നിന്നും യാത്ര തിരിച്ച ബോട്ടിൽ 200 പേരുണ്ടെന്ന് വ്യക്തമായി. ഇതിൽ പൊലീസ് കസ്റ്റഡിയിലുള്ള ഡൽഹിയിലെ മദൻഗിരി അംബേദ്കർ കോളനിയിൽ താമസിക്കുന്ന ശ്രീലങ്കൻ സ്വദേശികളായ ദീപക്, പ്രഭു എന്നിവരുടെ ഭാര്യമാരും മക്കളുമുണ്ട്. ബോട്ടിലുള്ളവരുടെ വിവരങ്ങൾ ലഭിച്ചതാണ് അന്വേഷണത്തിൽ വഴിത്തിരിവായത്. ഒരാൾ ഒന്നര ലക്ഷം രൂപ യാത്രയ്ക്കായി നൽകിയെന്നും മൊഴി നൽകിയിട്ടുണ്ട്. അഞ്ച് ലക്ഷത്തിന് മുകളിൽ നൽകിയവരും ബോട്ടിലുണ്ടെന്നാണ് വിവരം.

അതേസമയം, ആസ്ട്രേലിയയിലെത്തിക്കാമെന്ന വാഗ്ദാനത്തിൽ കേരളത്തിൽ എത്തിയവരിൽ ഭൂരിഭാഗം പേരും കബളിപ്പിക്കപ്പെട്ടതായി പൊലീസ്. 400 പേരാണ് ആസ്ട്രേലിയയിലേക്കും ന്യൂസിലാന്റിലേക്കും കടിയേറാൻ രണ്ടാഴ്ച മുമ്പ് കൊച്ചിയിൽ എത്തിയത്. എന്നാൽ 200 പേർക്ക് മാത്രമാണ് യാത്ര തിരിക്കാനായത്. സർവസമ്പാദ്യവും വിറ്റ് പണം നൽകിയവരാണ് യാത്ര ചെയ്യാനാവാതെ മടങ്ങിയവരിൽ അധികവും. ഇവർക്കായുള്ള അന്വേഷണമാണ് ഇപ്പോൾ നടക്കുന്നതെന്ന് പൊലീസ് പറഞ്ഞു.

യാത്ര തിരിച്ചെന്ന് കരുതുന്ന ബോട്ടിൽ മുഖ്യ ഇടനിലക്കാരൻ ശ്രീകാന്തനും കുടുംബവും ഉണ്ടെന്നാണ് പൊലീസ് സംശയിക്കുന്നത്. ശ്രീകാന്തന്റെ വീട്ടുകളിൽ പൊലീസ് നടത്തിയ പരിശോധനയിലാണ് ഇത് സംബന്ധിച്ച സൂചന ലഭിച്ചത്. അഞ്ചോളം വീട്ടുകളും കോടികൾ സമ്പാദ്യവുമുള്ള ശ്രീകാന്ത് തമിഴ്നാട്ടിൽ ഒളിവിൽ കഴിയാനുള്ള സാധ്യതയും പൊലീസ് തള്ളിക്കളയുന്നില്ല. തമിഴ്നാട് ക്യൂ ബ്രാഞ്ചിന്റെ സഹായത്തോടെ ചെന്നൈയിലടക്കം പരിശോധന നടത്തുന്നുണ്ട്.

### കടൽ കടത്തി കോടികൾ വാരി

വർഷങ്ങൾക്ക് മുമ്പ് ശ്രീലങ്കയിൽ നിന്നും തമിഴ്നാട്ടിലേക്ക് കുടിയേറിയതാണ് ശ്രീകാന്തനും കുടുംബവും. ആദ്യം വസ്ത്രവ്യാപാരമായിരുന്നു തൊഴിൽ. പിന്നീട് പലിശയ്ക്ക് പണം നൽകാനും തുടങ്ങി. ഇതിന് ശേഷമാണ് ശ്രീകാന്തൻ മനുഷ്യക്കടത്തിലേക്ക് തിരിഞ്ഞതെന്നാണ് വിവരം. ശ്രീകാന്തൻ രാജ്യാന്തര മനുഷ്യക്കടത്ത് സംഘത്തിലെ കണ്ണിയെന്ന് സൂചനയുണ്ട്. മുനമ്പം മനുഷ്യക്കടത്തിന് നേതൃത്വം നൽകിയ ഇയാൾ കേരളത്തിൽ മുമ്പും മനുഷ്യക്കടത്ത് നടത്തിയിരുന്നതായി പൊലീസ് കണ്ടെത്തിയിട്ടുണ്ട്. ചെന്നൈ - രാമേശ്വരം കേന്ദ്രീകരിച്ചാണ് ഇയാളുടെ സംഘം പ്രവർത്തിക്കുന്നത്.

### കൊച്ചിയിൽ എത്തിക്കും

ഡൽഹിയിൽ പൊലീസ് കസ്റ്റഡിയിലുള്ള ശ്രീലങ്കൻ വംശജരെ ഇന്ന് കൊച്ചിയിൽ എത്തിച്ചേക്കും. അംബേദ്കർ കോളനിയിലെ താമസക്കാരായ ദീപക്, പ്രഭു എന്നിവരാണ് പൊലീസ് കസ്റ്റഡിയിലുള്ളത്. മുനമ്പത്ത് നിന്നുപോയ മനുഷ്യക്കടത്ത് ബോട്ടിൽ കയറാൻ കഴിയാതെ തിരിച്ചുപോരേണ്ടിവന്നവരാണ് ദീപക്കും പ്രഭുവും. ഉപേക്ഷിക്കപ്പെട്ട ബാഗിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നാല് ദിവസം മുമ്പാണ് അന്വേഷണ സംഘം ഡൽഹിയിൽ എത്തിയത്. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് രണ്ട് പേരെ പിടികൂടിയത്. യാത്ര ചെയ്യാനാവാതെ മടങ്ങിയ ഏതാനും ചിലരുടെ പേരുവിവരങ്ങൾ കൂടി ലഭിച്ചിട്ടുണ്ടെന്ന് അന്വേഷണ സംഘത്തലവൻ കേരളകൗമുദി ഫ്ളാഷിനോട് പറഞ്ഞു.

## നാട്ടുവിശേഷം

### ഡോ. ചന്ദ്രശേഖരൻ സ്മൃതി പുരസ്കാരം

തിരുവനന്തപുരം: ഭരതക്ഷേത്ര ഏർപ്പെടുത്തിയ ഡോ. ചന്ദ്രശേഖരൻ സ്മൃതി പുരസ്കാരം കുറുമള്ളൂർ ഗോപാലന് കാവ്യവേദി ചെയർമാൻ പി.പി. നാരായണൻ സമ്മാനിച്ചു. ടി.ജി.ബി. മേനോൻ അദ്ധ്യക്ഷത വഹിച്ചു. മീനേടം രാജപ്പൻനായർ, ഷൺമുഖം മങ്ങാനം തുടങ്ങിയവർ പങ്കെടുത്തു.

### പരാതി നൽകി

തിരുവനന്തപുരം: കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ ട്രാൻസ്പോർട്ട് ഭവന് മുന്നിൽ ഫുട്പാത്ത് കൈയേറി പാർക്ക് ചെയ്തിരിക്കുന്ന കെ.എസ്.ആർ.ടി.സി ബസുകൾ മാറ്റാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള ഗവ. മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായ ബന്ധസമിതി അംഗവും ട്രാഫിക് ഉപദേശ സമിതി അംഗവുമായ പട്ടം ശശിധരൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള അധികൃതർക്ക് പരാതി നൽകി.



ഇന്ത്യൻ കോഫീഹൗസ് എംപ്ലോയീസ് യൂണിയന്റെ (സി.ഐ.ടി.യു) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എസ്.കെ അശോക് കുമാർ അനുസ്മരണയോഗം സി.ഐ.ടി.യു അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം പി.എസ് മധുസൂദനൻ ഉദ്ഘാടനം ചെയ്യുന്നു

### എസ്.കെ. അശോക് കുമാർ അനുസ്മരണം

തിരുവനന്തപുരം: ഇന്ത്യൻ കോഫീഹൗസ് എംപ്ലോയീസ് യൂണിയന്റെ (സി.ഐ.ടി.യു) ആഭിമുഖ്യത്തിൽ യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗവും കോഫീഹൗസ് പേട്ട പള്ളിമുക്ക് ബ്രാഞ്ച് മാനേജരുമായിരുന്ന എസ്.കെ അശോക് കുമാറിന്റെ നിര്യാണത്തോടനുബന്ധിച്ച് അനുസ്മരണ യോഗം സംഘടിപ്പിച്ചു. തമ്പാനൂർ കെ.എസ്.ആർ.ടി.സി ഹാളിൽ നടന്ന യോഗം സി.ഐ.ടി.യു അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം പി.എസ് മധുസൂദനൻ ഉദ്ഘാടനം ചെയ്തു. എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി എം. സുനിൽകുമാർ അദ്ധ്യക്ഷനായിരുന്നു. രാമചന്ദ്രൻ, ജി. സതീശൻ, ശിവകുമാർ, കെ.എഫ്. ഡേവിസ്, സി.കെ. രാജേഷ്, മനോജ് കുമാർ, വിനോദ് കുമാർ തുടങ്ങിയവർ പങ്കെടുത്തു. യൂണിയൻ ജില്ലാ സെക്രട്ടറി അനിൽ മണക്കാട് സ്വാഗതവും വിനോദ് കോലിയക്കോട് കൃതജ്ഞതയും രേഖപ്പെടുത്തി.


### നരസിംഹസ്വാമിയുടെ ബാലാലയ പ്രതിഷ്ഠ

തിരുവനന്തപുരം: ശ്രീപദ്മനാഭ സ്വാമിക്ഷേത്രത്തിലെ ഉപദേവനായ ശ്രീനരസിംഹ സ്വാമിയുടെ ശ്രീകോവിലിന്റെ ജീർണോദ്ധാരണത്തോടനുബന്ധിച്ച് നരസിംഹസ്വാമിയെ ബാലാലയത്തിലേക്ക് മാറ്റുന്നതിന്റെ താന്ത്രിക ക്രിയകൾ തന്ത്രി നെടുമ്പിള്ളി തരണനല്ലൂർ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ 19 മുതൽ 24 വരെ നടക്കും.

19 ന് വൈകിട്ട് 5 മുതൽ 6.15 വരെ ഭക്തജനങ്ങൾക്ക് ദർശനം ഉണ്ടാകും. 20 മുതൽ 24 വരെ ദർശനസമയത്തിൽ നിയന്ത്രണം ഉണ്ടായിരിക്കുമെന്നും 22 മുതൽ 23 വരെ ഉച്ചപൂജ കഴിയുന്നതുവരെ നരസിംഹസ്വാമിയുടെ ദർശനം ഉണ്ടായിരിക്കുന്നതല്ലെന്നും എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

### ലെനിൻ രാജേന്ദ്രൻ അനുസ്മരണം

തിരുവനന്തപുരം: ചങ്ങമ്പുഴ ചർച്ചാവേദിയുടെ ആഭിമുഖ്യത്തിൽ ലെനിൻ രാജേന്ദ്രൻ അനുസ്മരണം നടത്തി. അഡ്വ. കെ. മോഹൻകുമാർ, ഡോ. ജോർജ് ഓണക്കൂർ, പിരപ്പൻകോട് മുരളി, പന്ന്യൻ രവീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.



സെന്റ് ഓഫ് ബെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസിലിംഗ് വിഭാഗത്തിൽ 'മദ്യപൻമാരുടെ കുടുംബം അനുഭവിക്കുന്ന സംഘർഷങ്ങളും അഭിമാന പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ പിഎച്ച്.ഡി ലഭിച്ച ഡോ. എൽ.വി. ബിപിൻലാൽ. ദക്ഷിണ കേരള മഹായിടവക പട്ടക്കാരനും തൊഴുക്കൽ സി.എസ്.ഐ സഭാശുശ്രൂഷകനമാണ്. പൂനലാൽ ലാൽസദനത്തിൽ ടി.ലാസർ, വിജയരാജം എന്നിവരുടെ മകനാണ്.

### 'കറ' അവതരണം ഇന്ന്

തിരുവനന്തപുരം: കളം തിയേറ്റർ ആൻഡ് റപ്പട്ടറിയുടെ ബാനറിൽ പ്രശാന്ത് നാരായണൻ എഴുതി സംവിധാനം ചെയ്യുന്ന ഒറ്റയാൾ നാടകം 'കറ' ഇന്ന് വൈകിട്ട് 6.30ന് തൈക്കാട് സൂര്യ ഗണേശം ഓഡിറ്റോറിയത്തിൽ അരങ്ങേറും. നടി ഉഷാ ര നമ്പ്യാരാണ് നങ്ങേലിയായി അരങ്ങിലെത്തുന്നത്. സംഗീതം: വിശ്വജിത്ത്, രാംദാസ് സോപാനം, സാബു മലയിൻകീഴ്.